(സി) ഓരോ പരസ്യകമ്പനിക്കും ഏജൻസി ഇനത്തിൽ എന്തു തുക വീതം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല. പബ്ലിക് റിലേഷൻസ് വകുപ്പ് നേരിട്ടാണ് നൽകിയിട്ടുള്ളത്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നാലാം വാർഷികത്തോടനുബന്ധിച്ച് പത്രമാസികകൾക്ക്നൽകിയ പരസ്യങ്ങൾ

21 (21) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റിന്റെ 4-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് പത്രമാസികകൾക്ക് പരസ്യങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം പത്രമാസികകൾക്കാണ് പരസ്യം നല്കിയത് ;

(ബി) ആയിനത്തിൽ എന്തു തുക ചെലവായി ;

(സി) ഓരോ പത്രമാസികയ്ക്കും ഇതിനുവേണ്ടി എന്തു തുക വീതം കൊടുത്തു ;

(ഡി) ഈ ഗവൺമെന്റിന്റെ 4-ാം വാർഷികത്തോടനുബന്ധിച്ച് പത്ര മാസികകൾ വഴിയല്ലാതെ മറ്റേതെങ്കിലും വിധത്തിലുള്ള പരസ്യങ്ങൾ നല്കിയിട്ടുണ്ടോ ; എങ്കിൽ എങ്ങനെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിനു വേണ്ടി ആർക്കെല്ലാം എന്തു തുക വീതം കൊടുത്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 51 പത്രങ്ങൾക്ക് പരസ്യം നല്കിയിട്ടുണ്ട്. അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഏകദേശം 11,73,040 രൂപ (പതിനൊന്നു ലക്ഷത്തി എഴുപത്തിമൂവായിരത്തി നാല്പത് രൂപ) ചെലവാകും.

(സി) തുക നല്കിയിട്ടില്ല. ബില്ലുകൾ കിട്ടുന്ന മുറയ്ക്ക് നല്കുകയുള്ളു. പത്രങ്ങൾക്ക് കൊടുക്കാനുള്ള തുക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1. രണ്ട് പോസ്റ്ററുകൾ അച്ചടിച്ചു.

2. 350 ബാനറുകൾ നിർമ്മിച്ചു.

3. സി.ഡിറ്റിനെക്കൊണ്ട് 25 മിനിറ്റു നീണ്ടു നിൽക്കുന്ന സർക്കാരിന്റെ നേട്ടങ്ങൾ കാണിക്കുന്ന ഒരു വീഡിയോ ഡോക്കുമെന്ററി നിർമ്മിച്ചു.

4. സി.ഡിറ്റിനെക്കൊണ്ട് 10 ഫില്ലറുകളും അഞ്ചു സ്പോട്ടുകളും നിർമ്മിച്ചു. വ്യത്യസ്ത വകുപ്പുകളുടെ നേട്ടങ്ങൾ വിവരിക്കുന്നതാണ് ഇവ.

(ഇ) തുക നല്കിയിട്ടില്ല.

പ്രചാരണ സാഹിത്യങ്ങൾ

22 (22) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ എന്തെല്ലാം പ്രചാരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) ഇവയ്ക്കുവേണ്ടി ആകെ എത്ര ടൺ കടലാസ് ആവശ്യമായി വന്നിട്ടുണ്ട് ; അച്ചടിക്കൂലി, കടലാസ് മറ്റു നേരിട്ടുള്ള ചിലവുകൾ, ഓവർ ഹെഡ് ചാർജ്ജസ് എന്നീയിനങ്ങളിൽ ഇവയ്ക്കുവേണ്ടി എന്തു തുക ഇതുവരെ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും മലയാളത്തിൽ 210 പ്രചാരണ പുസ്തകങ്ങളും ഇംഗ്ലീഷിൽ 48 പ്രചാരണ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(ബി) ടി പ്രസിദ്ധീകരണങ്ങൾ സാധാരണയായി സർക്കാർ പ്രസുകളിലും അർദ്ധ സർക്കാർ പ്രസുകളിലുമാണ് അച്ചടിച്ചു വരുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെയും മറ്റിനങ്ങളിലുള്ള ചെലവുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച പ്രസിദ്ധീകരണങ്ങൾ

23 (23) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭയുടെ 4-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രസിദ്ധീകരണങ്ങൾ പുറപ്പെടുവിച്ചു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4	5	
20.	ശ്രീ. എ. സി. ഷൺമുഖദാസ് മുൻ ആരോഗ്യ വകുപ്പുമന്ത്രി	46	10,22,471.00	30	വിവരംശേഖരിച്ചു വരുന്നു
21.	ശ്രീ. ടി. കെ. ഹംസ ഗവൺമെന്റ് ചീഫ് വിപ്പ്	4	1,04,035.00	2	വിവരംശേഖരിച്ചു വരുന്നു

അനുബന്ധം IX

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 21(21) കാണുക]

(1)	ചന്ദ്രിക	42,500
(2)	ചിത്രദേശം	8,500
(3)	ദീപിക	54,400
(4)	ദേശാഭിമാനി	64,600
(5)	ജനറൽ	8,500
(6)	ഇന്ത്യൻ പൗരൻ	5,100
(7)	ജന്മദേശം	5,500
(8)	ജന്മഭൂമി	28,900
(9)	കാരവൻ	6,800
(10)	കേരളശ്രീ	5,100
(11)	കേരളകൗമുദി	52,700
(12)	കലാപ്രേമി	4,760
(13)	മംഗളം	28,900
(14)	മാധ്യമം	44,200
(15)	മലയാളമനോരമ	1,93,800
(16)	മാതൃഭൂമി	1,42,800
(17)	രാഷ്ട്രദീപിക	78,200
(18)	സതേൺസ്റ്റാർ	15,300
(19)	സിറാജ്	8,500

LIBRARY ARCHIVES Kerala Legislative Assembly

(20)	സായാഹ്നകൈരളി	7,480
(21)	കേരള രാജ്യം	10,540
(22)	കാലിക്കറ്റ് ടൈംസ്	9,180
(23)	ജയസൂര്യ	5,100
(24)	കണ്ടതും കേട്ടതും	4,760
(25)	പ്രഭാത വാർത്ത	9,180
(26)	പ്രദീപം	8,500
(27)	വേണാട് കൗമുദി	4,760
(28)	വേണാട് പത്രിക	6,800
(29)	പൗരൻ	4,760
(30)	യുവ എക്സ്പ്രസ്സ്	6,120
(31)	ഉത്തരദേശം	9,520
(32)	ലേറ്റസ്റ്റ്	8,500
(33)	ടെലഗ്രാഫ്	5,100
(34)	സായാഹ്ന ശബ്ദം	8,500
(35)	സ്വദേശി	5,100
(36)	സ്വതന്ത്രമണ്ഡം	5,100
(37)	സ്ഫോടനം	5,780
(38)	സുദിനം	7,480
(39)	പൊതുജനം	4,760
(40)	തനിനിറം	7,480
(41)	തുറന്നകത്ത്	5,440
(42)	തീപ്പന്തം	8,500
(43)	പടയണി	5,780
(44)	ന്യൂസ് കേരള	11,560
(45)	സഹകരണ മേഖല	4,760
(46)	കൈരളിപ്രശ്നം	4,760

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ലീഷ് പത്രങ്ങൾ	
ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ്	55,200
ഫിനാൻഷ്യൽ എക്സ്പ്രസ്സ്	68,000
ഹിന്ദു	51,200
കന്നട പത്രങ്ങൾ	
ഹോസാദിഗന്ത	9,180
കാസർഗോഡ് സമാചാർ	5,100
മൊത്തം	11,73,040

അനുബന്ധം X

[നക്ഷത്രചിഹ്നമിടാത്ത നമ്പർ 70(77) കാണുക]

(ബി) 1. ബാലരാമപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 54/2000

ആകെ 8 പ്രതികൾ

(1) ഷാജി, മുള്ളുവിള വീട്, ഉച്ചക്കട, വെങ്ങാനൂർ

(2) അനി, പ്രാക്കുറവിള വീട്, കട്ടച്ചൽക്കുഴി, വെങ്ങാനൂർ

(3) സന്തോഷ് കുമാർ, പ്രേമമന്ദിരം, പയറ്റുവിള, കോട്ടുകാൽ

(4) സജി, കുഴിയാംവിള വീട്, ഉച്ചക്കട, കോട്ടുകാൽ

(5) സുരേഷ്, കാവിടി വിളാകം വീട്, സിസിലിപുരം, വെങ്ങാനൂർ

(6) സുനിൽ, കാവിടി വിളാകം വീട്, സിസിലിപുരം, വെങ്ങാനൂർ

(7) ബിജു, തെക്കരിക് പുത്തൻ വീട്, ഉച്ചക്കട, കോട്ടുകാൽ

(8) ബിനുമ, വാറുവിളാകത്തു വീട്, പയറ്റുവിള, വെങ്ങാനൂർ

2. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 67/2000

പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല.

3. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 13/2000

മുന്ന് പ്രതികൾ

1. ഷിജു, കല്ലാട്ടുതറ, മരുതൂർകുളങ്ങര തെക്ക്, കരുനാഗപ്പള്ളി
2. സുനിൽകുമാർ, കരിയപ്പള്ളിൽ, മരുതൂർകുളങ്ങര തെക്ക്, കരുനാഗപ്പള്ളി
3. അനിൽകുമാർ, പുറങ്ങോളിൽ വീട്, മരുതൂർകുളങ്ങര തെക്ക്, കരുനാഗപ്പള്ളി

LIBRARY ARCHIVES Kerala Legislative Assembly